തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്
(സാന്നിദ്ധ്യം: ജി. സന്തോഷ്)

**സംഗ്രഹം**

വെറ്ററിനറി ഡോക്ടർമാരുടെ നിയമനം - ഡോ. ശശീന്ദ്രദേവിന്റെ അപേക്ഷ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ ROC. 7736/09/Mis.2 — നന്തൻകോട്, 30/05/2015

---

പരാമർശം : 1) 29/03/2015 ലെ ഡോ. ശശീന്ദ്രദേവിന്റെ അപേക്ഷ
2) 13/05/2015 ലെ ഡോ. ശശീന്ദ്രദേവിന്റെ കത്ത്.

**ഉത്തരവ്**

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വെറ്ററിനറി ആഫീസറായി നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് 31/01/2015 ൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും വെറ്ററിനറി ആഫീസറായി വിരമിച്ച ഡോ. ശശീന്ദ്രദേവിന്റെ അപേക്ഷ ലഭിച്ചു (പരാമർശം - 1)

തുടർന്ന് നിയമന കാര്യം ചർച്ച ചെയ്യുന്നതിന് ബോർഡിൽ ഹാജരാകുന്നതിന് നിർദ്ദേശിച്ച പ്രകാരം ടിയാൻ ആഫീസിൽ ഹാജരായി, ടിയാന്റെ വേതനം സംബന്ധിച്ച് കത്ത് നൽകി (പരാമർശം - 2).

ബോർഡ് ഇക്കാര്യം വിശദമായി ചർച്ച ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ആനകളുടെ ശുശ്രൂഷക്ക് ഒരു മുഴുവൻ സമയ വെറ്ററിനറി ഡോക്ടറുടെ സേവനം ആവശ്യമാണെന്ന് ബോർഡ് വിലയിരുത്തി. അതിന്റെ അടിസ്ഥാനത്തിൽ ഡോ. ശശീന്ദ്രദേവുമായി 27/05/2015 ൽ കൂടിക്കാഴ്ച നടത്തിയ ശേഷം അദ്ദേഹത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വെറ്ററിനറി ഡോക്ടറായി 2015 ജൂൺ 1 മുതൽ 25,000/- (ഇരുപത്തി അയ്യായിരം) രൂപാ പ്രതിമാസ കൺസോളിഡേറ്റഡ് അലവൻസും, കിലോമീറ്ററിന് 10/- രൂപാ നിരക്കിൽ Conveyance Charge/ഇപ്പോഴത്തെ സർക്കാർ നിരക്കും നൽകി നിയമിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

**സെക്രട്ടറി**
അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
5. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
6. EDP Section
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.